# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ: 4135 | 25.06.2018-ലെ മറുപടി

## ജലനിധി പദ്ധതി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്

(എ) വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ സഹായ സംഘടനയായി പ്രവർത്തിക്കുന്ന കോഴിക്കോട് രൂപതയുടെ കീഴിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റിയായ 'ജീവന'യ്ക്ക് പദ്ധതി പൂർത്തീകരണത്തിൽ അധിക തുക ബാധ്യത വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് അധിക ബാധ്യതയായി പ്രസ്തുത സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളത്; ഈ തുക നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത സൊസൈറ്റി കത്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

**(എ)യും, (ബി)യും, (സി)യും,**

അധിക ബാധ്യത വന്നതായി അറിയിച്ചുകൊണ്ട് ജീവനയുടെ ഡയറക്ടർ സർക്കാരിനും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർക്കും നിവേദനങ്ങൾ നല്കിയിട്ടുണ്ട്. സഹായ സംഘടനയും ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ടിരിക്കുന്ന കരാറനുസരിച്ച് പൂർത്തീകരിച്ച സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് സഹായ സംഘടനകൾക്ക് പ്രതിഫലം നല്കി വരുന്നത്. അതിനാൽ സഹായ സംഘടനയും ഗ്രാമപഞ്ചായത്തുമായുള്ള കരാർ പ്രകാരം ജീവനയുടെ ആവശ്യം അംഗീകരിക്കുന്നതിന് നിർവ്വാഹമില്ലയെന്ന് ടി സംഘടനയുടെ ഡയറക്ടറെ KRWSA യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**